## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2406 — 20.06.2012-ൽ മറുപടിക്ക്

### അന്യ സംസ്ഥാനത്തൊഴിലാളികളുടെ പുനരധിവാസം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) അന്യ സംസ്ഥാനത്തെ കുടിയേറ്റ തൊഴിലാളികൾക്കായി എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്; | (എ) അന്യ സംസ്ഥാന തൊഴിലാളികൾക്കായി കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു ക്ഷേമ പദ്ധതി കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായവർക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകി വരുകയും ചെയ്യുന്നു. കെട്ടിട നിർമ്മാണ തൊഴിലാളികളെ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനവും ഉണ്ട്. ടി പദ്ധതി പ്രകാരം, ചികിത്സാ ധനസഹായം, ആശ്വാസ ധനസഹായം, അംഗത്വം നിലനിൽക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിനുള്ള ധനസഹായം, മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ഗ്രാൻറ്, ടെർമിനൽ ബെനിഫിറ്റ് എന്നീ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

| | |
|---|---|
| (ബി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് പുനരധിവാസ പദ്ധതി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) |
| (സി) എങ്കിൽ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (സി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് താമസസൗകര്യവും മറ്റ് അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾക്കുമായി ഒരു പുനരധിവാസ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) |

സെക്ഷൻ ഓഫീസർ